**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6431** **10-11-2021 - ൽ മറുപടിയ്ക്ക്**

**വിഷൻ ആന്റ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ സമഗ്രമായ പരിഷ്ക്കരണം കൊണ്ടു വരുന്നതിന് ഈ സർക്കാർ വിഷൻ ആന്റ് മിഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | റവന്യൂ വകുപ്പിൽ സമഗ്രമായ പരിഷ്കരണം ലക്ഷ്യമാക്കി വിഷൻ ആന്റ് മിഷൻ 2021-2026 എന്ന പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യ സാക്ഷാത്ക്കാരമാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി രേഖകൾ ചർച്ച ചെയ്യുന്നതിനും തീരുമാനം കൈക്കൊള്ളുന്നതിനുമായി എല്ലാ ബുധനാഴ്ച്ചയും റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ റവന്യൂ, സർവ്വേ, ഭവന നിർമ്മാണം, ദുരന്ത നിവാരണം എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥൻമാരെ ഉൾപ്പെടുത്തി റവന്യൂ സെക്രട്ടേറിയറ്റ് എന്ന സംവിധാനം പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാരുമായി പ്രതിമാസവും, ഡെപ്യൂട്ടി കളക്ടർ/ആർഡിഒ/തഹസിൽദാർ എന്നിവരുമായി ദ്വൈമാസവും വില്ലേജ് ഓഫീസർമാരുമായി ത്രൈമാസവുമായി യോഗം ചേർന്ന് പദ്ധതി വിവരങ്ങൾ വിശദീകരിക്കുകയും അഭിപ്രായ രൂപീകരണം നടത്തുകയും ചെയ്തു വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും അഭിപ്രായങ്ങളും നിവേദനങ്ങളും ശിപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി റവന്യൂ അസംബ്ലി എന്ന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. റവന്യൂ അസംബ്ലിയുടെ ആദ്യ യോഗങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ 13 ദിവസങ്ങളിലായി തിരുവനന്തപുരം ഐ.എൽ.ഡി.എം-ൽ വച്ച് കൂടിയിട്ടുള്ളതാണ്. ടി യോഗത്തിൽ സാമാജികർ തങ്ങളുടെ മണ്ഡലവുമായി ബന്ധപ്പെട്ടും പൊതുവായും സമർപ്പിച്ച നിവേദനങ്ങളും ശിപാർശകളും യോഗത്തിൽ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജനോപകാരപ്രദമായ രീതിയിൽ ദ്രുതഗതിയിൽ ഫയൽ തീർപ്പാക്കലാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി റവന്യൂ ഓഫീസുകളുടെ പ്രധാനമായും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനവും ഉദ്ദേശിക്കുന്നു. |
| (ബി) | 1974-ലെ ജനസംഖ്യയും വസ്തു വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുള്ള റവന്യൂ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; ഇക്കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ വില്ലേജാഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് വരികയാണ്. |
| (സി) | വില്ലേജ് ഓഫീസുകളിൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (സി) | റവന്യൂ വകുപ്പിന് കീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ ഓഫീസ് സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനും ആവശ്യമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇ-ഡിസ്ട്രിക്ട് ആർ.ആർ. ഓൺലൈൻ സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation) റവന്യൂ ഇ-പേയ്മെന്റ് റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം ) റവന്യൂ മിത്രം റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ തണ്ടപ്പേർ പകർപ്പ് ഓൺലൈൻ ലൊക്കേഷൻ മാപ് ഓൺലൈൻ FMB ഓൺലൈൻ വില്ലേജ് വെബ്സൈറ്റ് കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ |
| (ഡി) | വില്ലേജ് ഓഫീസുകൾക്ക് വാഹനമില്ലാത്തതുകാരണം ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി വില്ലേജ് ഓഫീസുകളിൽ വാഹനം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ഡി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലേക്ക് വാഹന സൗകര്യം ലഭ്യമാക്കുന്നതിനുള്ള ശിപാർശ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ